**പതിനാലാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

[വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

# മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

[വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019 - 2021)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ

**അംഗങ്ങൾ:**

ശ്രീ. പി.കെ.അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ.പി.അനിൽകുമാർ

ശ്രീ. ബി. ഡി.ദേവസ്സി

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. കെ.സി.ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ.രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി.കെ.ശശീന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്.വി., അണ്ടർ സെക്രട്ടറി

552

# മുഖവുര

വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി ..20.. തീയതി ചേർന്ന കമ്മിറ്റിയാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം,
21..01.....2021.

എസ്. ശർമ്മ.,
അദ്ധ്യക്ഷൻ.
എസ്റ്റിമേറ്റ്സ് കമ്മിറ്റി

# റിപ്പോർട്ട്

വ്യവസായം ഒരു സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ ശക്തിപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ് വ്യവസായ മേഖല. കഴിഞ്ഞ കുറേ നാളുകളായി വ്യവസായ മേഖലയിൽ വേണ്ടത്ര പുരോഗതി നേടിയിട്ടുണ്ടെങ്കിലും ഉയർന്ന ഉൽപാദനച്ചെലവ്, അന്താരാഷ്ട്ര വിപണിയിലെ മത്സരം, ഭൂമിയുടെയും, മൂലധനത്തിന്റെയും ദൗർലഭ്യം എന്നിവ വ്യവസായ മേഖലയിലെ പ്രതിസന്ധികൾക്ക് കാരണമാകുന്നു. സംരംഭകരും സർക്കാരും തമ്മിലുള്ള പരസ്പര ധാരണയോടുകൂടിയുള്ള പ്രവർത്തനങ്ങൾ കൊണ്ടു മാത്രമേ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അതിനൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും സാധ്യമാവുകയുള്ളൂ.

2. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ചുക്കാൻ പിടിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും ഇന്ന് നഷ്ടത്തിലാണ്. വ്യവസായ രംഗം ഒട്ടനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. വർഷങ്ങൾക്ക് മുൻപ് സ്ഥാപിക്കപ്പെട്ട പല വ്യവസായ സ്ഥാപനങ്ങളും നഷ്ടത്തിലായതിനെ തുടർന്ന് അടച്ചുപൂട്ടപ്പെടുകയോ അടച്ചുപൂട്ടലിന്റെ വക്കിലെത്തുകയോ ഉണ്ടായിട്ടുണ്ട്. സമീപ കാലത്ത് ഇതിൽ പലതിനെയും പ്രവർത്തനക്ഷമമാക്കുന്നതിന് സാധിച്ചിട്ടുള്ളതും ചില സ്ഥാപനങ്ങളെ കരകയറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണെന്ന് സമിതി മനസ്സിലാക്കുന്നു.

3. വ്യവസായ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ ഭാഗമായി ലഭ്യമായ വിവരങ്ങളുടെയും ടി വിഷയം സംബന്ധിച്ച് 25.11.2020-ൽ വ്യവസായ വകുപ്പിൽ നിന്നു നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

4. രാജ്യത്തെ ആദ്യ പത്ത് മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉയർത്തുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടി അനായാസവും സുഗമവുമാക്കുവാൻ "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി നിയമ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994, കേരള ലിഫ്റ്റ്സ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് 2013, കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, കേരള സിംഗിൾ വിൻഡോ ക്ലിയറൻസ്

ബോർഡ് ആന്റ് ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 എന്നീ നിയമങ്ങൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ടെന്ന വസ്തുത എടുത്തുപറയേണ്ടതാണ്.

5. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള അനുമതി കാലതാമസം ഒഴിവാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ.സ്വിഫ്റ്റ് 11.02.2019 മുതൽ പ്രവർത്തിക്കുന്നുണ്ട് എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്.

6. ഈ രംഗത്ത് കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനായി 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്പ്മെന്റ് ആക്ട് ഭേദഗതി വരുത്തുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധനനിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികളും/വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ അപ്രൂവലുകളോ പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേക്ക് ഇളവുകൾ അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ "കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്, അപേക്ഷ നൽകി ഒരുമാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിച്ചിട്ടുള്ളതാണ്. 15 കോടി രൂപ വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിലും 15 കോടി രൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുള്ളതാണ്.

7. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം 21-ാം സ്ഥാനത്താണ്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ഇതിൽ നിന്നും വ്യക്തമാകുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതി തുലോം കുറവാണെന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ 187 റിഫോംസിൽ 158 എണ്ണവും പൂർത്തിയായി. കേരളം പുറകിലായത് സംബന്ധിച്ച് സർക്കാർ കേന്ദ്രവ്യവസായ വകുപ്പ് മന്ത്രിക്ക് പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും

സർക്കാർ കേന്ദ്രവ്യവസായ വകുപ്പ് മന്ത്രിക്ക് പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഫീഡ്ബാക്ക് കുറഞ്ഞതിനാലാണ് റാങ്കിംഗിൽ പിന്നിലായതെന്നും, വ്യവസായ രംഗം അഭിവൃദ്ധിപ്പെടുത്തുക വഴി നാടിന്റെ സുസ്ഥിര വികസനം സാധ്യമാക്കേണ്ടതുണ്ടെന്നും, സമിതി നിരീക്ഷിക്കുന്നു. 2020 ലെ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ ഇംപ്ലിമെന്റേഷന്റെ റേറ്റിംഗിൽ കുറച്ചു കൂടി മെച്ചപ്പെട്ട റാങ്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. സമീപകാലത്തുണ്ടായ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും അല്ലാതെയും ജോലി ഉപേക്ഷിച്ച് തിരികെയെത്തിയ പ്രവാസികൾ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. വിവിധ പ്രായത്തിലുള്ള പ്രവാസികൾക്ക് അവരുടെ അഭിരുചി, വിദ്യാഭ്യാസ യോഗ്യത എന്നിവ അനുസരിച്ചുള്ള സൂക്ഷ്മ-ചെറുകിട, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും, സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനും വ്യാവസായിക രംഗത്തേക്ക് കടന്നുവരാൻ അവരെ പ്രാപ്തരാക്കുന്നതിനും, അതിലൂടെ വ്യവസായ രംഗത്തെ ശക്തിപ്പെടുത്തുന്നതിനും, നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വ്യവസായ രംഗത്തുണ്ടായ മാന്ദ്യം മറികടക്കുന്നതിനും, വ്യവസായ മേഖലയിലുണ്ടായ സാമ്പത്തിക തകർച്ച പരിഹരിക്കുന്നതിനും, സമയബന്ധിതമായ നടപടി ഉണ്ടാകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഈ കാലഘട്ടത്തിലെ പ്രത്യേക അവസ്ഥ പരിഗണിച്ച് സംരംഭകരുടെയും സ്ഥാപനങ്ങളുടെയും വായ്പാതിരിച്ചടവിനും മറ്റു ഇളവുകൾ നൽകുന്നതിനും വ്യവസായം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സൂക്ഷ്മ-ചെറുകിട സംരംഭങ്ങളും കുടിൽ വ്യവസായങ്ങളും വളരെ കുറവാണ്. ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവയുടെ സാധ്യതകൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ഈ വ്യവസായങ്ങളിലേക്ക് കടന്നുവരുന്നവർക്ക് അർഹമായ പ്രോത്സാഹനവും വായ്പാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. നമ്മുടെ വ്യവസായ മേഖലയെ തകർത്ത ഒരു ദുരന്തമാണ് 2018-ലെ പ്രളയം. 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഉജ്ജീവന സഹായ പദ്ധതി എന്ന് സമിതി മനസ്സിലാക്കുന്നു. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖേന നടത്തിയ സർവ്വേ പ്രകാരം പ്രളയത്തിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ള ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ഉടമകൾക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി പദ്ധതി പ്രയോജനം ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 1597 സ്ഥാപനങ്ങൾക്ക് ഉജ്ജീവന സഹായ പദ്ധതി പ്രകാരം 11478.34 ലക്ഷം രൂപയുടെ വായ്പ സംസ്ഥാനത്തെ ബാങ്കുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ഉജ്ജീവന സഹായ പദ്ധതി പ്രകാരം സഹായം ആവശ്യമായ സ്ഥാപനങ്ങൾ ഇനിയുമുണ്ടെങ്കിൽ അവയ്ക്ക് ഉടൻ തന്നെ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## I. വ്യവസായ വാണിജ്യ വകുപ്പ്

12. സംസ്ഥാനത്തെ പ്രമുഖ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് ആവശ്യമായ വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നു. ഇത്തരം സംരംഭകർക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങൾ മുതൽ യൂണിറ്റ് പ്രവർത്തനസജ്ജമാക്കാനുള്ള ഭൂമിയും, വിവിധ സർക്കാർ ഏജൻസികളിൽ നിന്നുമുള്ള ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സഹായങ്ങൾ വ്യവസായ വാണിജ്യ വകുപ്പ് നൽകി വരുന്നു.

13. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് തലത്തിൽ താലൂക്ക് വ്യവസായ ഓഫീസുകളും എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും വ്യവസായ ഓഫീസുകളും എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും വ്യവസായ വികസന ഓഫീസർമാരും അടങ്ങിയ മികച്ച സംവിധാനം നിലനിൽക്കുന്നു.

14. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ (കയർ, കൈത്തറി ഒഴികെ) ഭരണ ചുമതല വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നു.

15. യുവജനങ്ങളിൽ സംരംഭക സംസ്കാരം രൂപപ്പെടുത്തുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വത്തെ സംബന്ധിച്ച് അവബോധം നേടുന്നതിലൂടെ വ്യവസായ രംഗത്തേക്ക് യുവതലമുറയെ ആകർഷിക്കുവാൻ സാധിക്കുമെന്നതിനാൽ സ്കൂൾ കോളേജ് തലങ്ങളിലെ സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## II. മൈനിംഗ് & ജിയോളജി വകുപ്പ്

16. മൈനിംഗ്& ജിയോളജി വകുപ്പിന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഒരു ആസ്ഥാന ഓഫീസും 14 ജില്ലാ ഓഫീസുകളും 3 മിനറൽ സ്ക്വാഡുകൾ, ഒരു സ്പെഷ്യൽ സ്ക്വാഡ് എന്നിവയും പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഖനിജ പര്യവേഷണ വിഭാഗം മിനറൽ ഡവലപ്മെന്റ് & മൈനിംഗ് ലീസ് വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് പ്രവർത്തിച്ചു വരുന്നത്.

17. സംസ്ഥാനത്തെ ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികാസവും ലക്ഷ്യമാക്കിക്കൊണ്ട് വിശദമായ ധാതുപര്യവേഷണങ്ങൾ നടത്തുക, ഭാരതത്തിന്റെ ഭരണഘടനയിലെ ഏഴാം പട്ടികയിൽ ലിസ്റ്റ് 1-ലെ 54-ാം നമ്പരായ എൻട്രിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ പാർലമെന്റ് പാസാക്കിയ 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്പ്മെന്റ്സ് & റഗുലേഷൻ) ആക്ടും 2016-ലെ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങളും (കേന്ദ്ര സർക്കാർ ചട്ടങ്ങൾ), 2015-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങളും 2015-ലെ കേരള മിനറൽ (പ്രിവൻഷൻ

ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളും നടപ്പിലാക്കുക, വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് ഖനിജപര്യവേഷണം നടത്തുക എന്നീ ദ്വിമുഖ ചുമതലകളാണ് മൈനിംഗ് & ജിയോളജി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്.

18. വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ധാതുപര്യവേഷണ വിഭാഗം സംസ്ഥാനത്ത് ധാതു പര്യവേഷണങ്ങൾ നടത്തി നിക്ഷേപത്തിന്റെ അളവ്, ഗുണനിലവാരം എന്നിവ തിട്ടപ്പെടുത്തുകയും ധാതു സംബന്ധമായ വളർച്ചക്ക് പ്രോത്സാഹനം നൽകുകയും കൂടാതെ സംസ്ഥാന സർക്കാരിന്റെ ഉത്തരവ് അനുസരിച്ച് മുൻഗണന നൽകേണ്ട ഖനിജ പര്യവേഷണങ്ങൾ സമയ ബന്ധിതമായി ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നു.

19. വകുപ്പിന് 14 ജില്ലകളിലും ഓഫീസുകൾ ഉണ്ടെങ്കിലും കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കൊല്ലം, കണ്ണൂർ ജില്ലകളിൽ മാത്രമാണ് കാര്യക്ഷമമായി നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലും നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള റിപ്പോർട്ടുകൾ പരിശോധിച്ചതിൻ പ്രകാരം മറ്റു ജില്ലകളിൽ ഖനനമോ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകളോ കാര്യക്ഷമമായി നടന്നിട്ടില്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. 2017-18 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ ബ്രിക്ക് ക്ലേ / ടൈൽ ക്ലേ ഖനനത്തിന് അനുയോജ്യമായ 71 ലൊക്കേഷനുകൾ കണ്ടെത്തിയതായി സമിതി മനസ്സിലാക്കുന്നു. എല്ലാ ജില്ലകളിലെയും ഖനന പര്യവേഷണങ്ങൾ ഊർജ്ജിതമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും തൃശ്ശൂർ ജില്ലയിൽ ബ്രിക്ക് ക്ലേ / ടൈൽ ക്ലേ ഖനനത്തിന് അനുയോജ്യമായി കണ്ടെത്തിയ സ്ഥലങ്ങളിലെ ഖനനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം പരിശോധിച്ചതിൽ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലായി അനുവദിച്ച തുകയിൽ ഏറിയ പങ്കം ചെലവഴിക്കാതെ

നഷ്ടപ്പെടുത്തിയതായി കാണുന്നു. <u>ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനാശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21. കിഫ്ബിയുമായി ബന്ധപ്പെട്ട കോടിക്കണക്കിനു രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രധാന അസംസ്കൃത വസ്തുക്കൾ മണലും മെറ്റലുമാണ്. മെറ്റലിനുള്ള പാസ് ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് മൂലം നിരവധി കോൺട്രാക്റ്റുകൾ ഉപേക്ഷിക്കേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. <u>വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മേൽപ്പറഞ്ഞ സാമഗ്രികൾക്കുള്ള അപേക്ഷകളിന്മേൽ കാലതാമസമുണ്ടാകുന്നത് എൻവിയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാത്തതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നിർദ്ദിഷ്ട കാലയളിനുള്ളിൽ എൻവിയോൺമെന്റൽ ക്ലീയറൻസ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## III. കിൻഫ്ര

## (Kerala Industrial Infrastructure Development Corporation

22. വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി രൂപീകൃതമായ സ്ഥാപനമാണ് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര). എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ വ്യവസായ പാർക്കുകൾ അന്താരാഷ്ട്ര നിലവാരത്തോടെ സജ്ജമാക്കുക എന്നതാണ് കിൻഫ്രയുടെ സ്ഥാപിതലക്ഷ്യം. കേരളത്തിലെ വ്യവസായ പുരോഗതിയിൽ കിൻഫ്ര മുഖ്യ പങ്ക് വഹിക്കുന്നു. പെട്രോകെമിക്കൽ പാർക്കിനായി അനുവദിച്ച 481 ഏക്കർ ഭൂമിയിൽ നിന്ന് 170 ഏക്കർ ഭൂമി ബി.പി.സി.എൽ.ന് നൽകിയതായും 229 ഏക്കറിന് കേന്ദ്ര ഗവൺമെന്റിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ടെന്നും, ക്ലിയറൻസ് ലഭിച്ചാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും, 156 ഏക്കറോളം ഭൂമി 18 വ്യത്യസ്ത സംരംഭകർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

23. കേരളത്തിലുടനീളം വ്യവസായ പാർക്കുകൾ നിർമ്മിക്കുവാൻ കിൻഫ്രക്ക് സാധിച്ചിട്ടുണ്ടെന്ന വസ്തുത സമിതി അംഗീകരിക്കുന്നു. സംസ്ഥാനത്ത് കിൻഫ്ര മലപ്പുറത്തും എറണാകുളത്തുമായി രണ്ട് ഭക്ഷ്യസംസ്കരണ പാർക്കുകൾ നിർമ്മിച്ചിട്ടുള്ളതായും പത്തനംതിട്ട ജില്ലയിലെ അടൂരിൽ 85 ഏക്കർ ഭൂമിയിൽ മൂന്നാമത്തെ ഭക്ഷ്യസംസ്കരണ പാർക്ക് നിർമ്മാണം നടന്നു വരുന്നതായും സമിതി മനസ്സിലാക്കുന്നു. അടൂരിൽ നിർമ്മാണത്തിലിരിക്കുന്ന ഭക്ഷ്യസംസ്കരണ പാർക്കിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ഇടുക്കി ജില്ലയിൽ നിർമ്മാണം ആരംഭിക്കുവാനുള്ള സ്പൈസസ് പാർക്കിന്റെ നിർമ്മാണം അതിവേഗം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചു വരുന്ന 'കെയർ കേരള്' എന്ന ആയുർവേദ കൺസോർഷ്യത്തിന്റെ പ്രവർത്തനം തുടരാൻ സാധിക്കാത്ത സാഹചര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥാപനം വളരെയേറെ സാധ്യതകളുള്ള ഒന്നാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. 'കെയർ കേരള്' യുടെ പ്രവർത്തനം കിൻഫ്ര നേരിട്ടോ മറ്റേതെങ്കിലും ഏജൻസി മുഖേനയോ തുടരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. കിൻഫ്രയുടെ കൊരട്ടി പാർക്കിൽ പ്രവർത്തിച്ചിരുന്ന കേന്ദ്ര സർക്കാരിന്റെ പ്രസ്സ് അടച്ചു പൂട്ടലിന്റെ വക്കിലാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് ലഭിക്കുന്ന പക്ഷം കൂടുതൽ വികസന സാധ്യതയുണ്ടാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കൈവശമുള്ള പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് വിട്ടുകിട്ടുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. നിലവിൽ കിൻഫ്ര ഏറ്റെടുത്തു നിർമ്മാണം നടത്തി വരുന്നതും നടത്താൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**i) ഡിഫൻസ് പാർക്ക്, പാലക്കാട്**

28. പാലക്കാട് ജില്ലയിൽ 60 ഏക്കർ സ്ഥലത്ത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി 50 കോടി രൂപയുടെ കേന്ദ്രധനസഹായത്തോടു കൂടി 130 കോടി രൂപ ചിലവിൽ കിൻഫ്ര ഡിഫൻസ് പാർക്ക് പൂർത്തിയാക്കിയതായും അടിസ്ഥാന സൗകര്യങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും 2021 ജനുവരിയിൽ ഉദ്ഘാടനം ഉണ്ടാകുമെന്നും സമിതിയെ അറിയിച്ചിരുന്നെങ്കിലും ഉദ്ഘാടനത്തിന് കാലതാമസമുണ്ടാകുമെന്ന് അറിയുന്നു. ഡിഫൻസ് പാർക്ക് ഉദ്ഘാടനം അനിയന്ത്രിതമായി നീട്ടിക്കൊണ്ടു പോകാതെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടൻ തന്നെ ഉദ്ഘാടനം നടത്തി ഡിഫൻസ് പാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ii) പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി**

29. കൊച്ചിയിൽ സ്ഥിതി ചെയ്യുന്ന FACT-യിൽ നിന്നും കിൻഫ്രയ്ക്ക് കൈമാറി കിട്ടിയ 481.79 ഏക്കർ ഭൂമിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും, കിഫ്ബിയുടെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും, പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറായതായും, പാർക്കിന് പാരിസ്ഥിതികാനുമതിക്കായുള്ള നടപടികൾ തുടർന്നു വരുന്നതായും, നിക്ഷേപത്തിനായി 18 ഓളം വ്യവസായ സംരംഭകർ മുന്നോട്ടു വന്നിട്ടുള്ളതായും, സമിതി മനസ്സിലാക്കുന്നു. പാർക്ക് നിർമ്മാണത്തിനുള്ള പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും, പാരിസ്ഥിതികാനുമതി ലഭിക്കുമ്പോൾ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി അതിവേഗം പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**iii) ബഹുനില കെട്ടിട സമുച്ചയം, അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര**

30. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ നൂതനമായ സാങ്കേതികവിദ്യ/വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 1,20,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കെട്ടിട സമുച്ചയം പൂർത്തിയായി വരുന്നതായും, 2020 മാർച്ച് മാസത്തിൽ ഇതിന്റെ ഉദ്ഘാടനം നടത്തുവാൻ തീരുമാനിച്ചിരുന്നുവെന്നും, സമിതിയെ അറിയിച്ചിരുന്നെങ്കിലും ഇപ്പോഴും പണി പൂർത്തിയായിട്ടില്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ബഹുനില കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**iv) ജെം & ജ്വവലറി പാർക്ക്, തൃശ്ശൂർ**

31. തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്ത് കിൻഫ്രയുടെ പദ്ധതിയായ ജെം ആൻഡ് ജ്വവലറി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2016 ഡിസംബറിൽ ആരംഭിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനിടെ പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കേരളാ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം 14.06.2018 ൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ടി വന്നതായി സമിതി മനസ്സിലാക്കുന്നു. തുടർന്ന് 21.04.2018 ൽ തൃശ്ശൂർ ജില്ലാ കളക്ടർ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയും, 26.02.2019-ൽ ജില്ലാ കളക്ടർ വീണ്ടും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുകയും, കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുകൂല ശിപാർശയോടുകൂടി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയിലേക്ക് അയച്ചതായും, അപേക്ഷ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വ്യവസായ മേഖലയ്ക്ക് മുതൽക്കൂട്ടായി മാറേണ്ട പദ്ധതി എന്ന നിലയിൽ ജെം ആന്റ് ജ്വവലറി പാർക്കിന്റെ പ്രാധാന്യം മുൻനിർത്തി വസ്തുതകൾ പരിശോധിച്ച്

കാലതാമസം കൂടാതെ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാംഘട്ട വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ തോന്നക്കലിൽ വെയിലൂർ വില്ലേജിലുള്ള 7.45 ഏക്കർ ഭൂമി സമാന ഗ്ലോബൽ ആയുർവേദ വില്ലേജ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിന് 05.11.2019 മുതൽ 30 വർഷക്കാലയളവിലേയ്ക്ക് പാട്ടത്തിന് നൽകിയതായും പദ്ധതിയുടെ രൂപരേഖ തയ്യാറായതായും സമിതി മനസ്സിലാക്കുന്നു. ഏറെ സാധ്യതകളുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണ നടപടി പൂർത്തിയാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ രണ്ടാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ കിൻഫ്ര ഏറ്റെടുത്ത 30.93 ഏക്കർ ഭൂമി പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിൽ സംരംഭകരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## IV. കൈത്തറി & ടെക്സ്റ്റയിൽസ്

34. കേരളത്തിലെ ഒരു പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർക്ക് പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽ നൽകുന്ന മേഖലയാണിത്. കൈത്തറി വസ്ത്ര മേഖലയടക്കം പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള നയങ്ങൾ രൂപീകരിക്കുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പാണ്. സംസ്ഥാന ബഡ്ജറ്റിൽ കൈത്തറി വസ്ത്ര വ്യവസായ മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ ഏറിയ പങ്കും കൈത്തറി സഹകരണ സംഘങ്ങൾ, യന്ത്രത്തറി സഹകരണ സംഘങ്ങൾ സഹകരണ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകൾ എന്നിവയുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കാണ്. വൈദഗ്ധ്യ

പോഷണം, പരിശീലനം, ശേഷി വികസനം മുതലായവയും മറ്റു പ്രധാന മേഖലകളാണ്.

35. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഈ മേഖലയിലെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ സമിതി കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

36. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കായി അനുവദിക്കുന്ന തുകയിൽ വളരെ കുറച്ച് മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യം സംബന്ധിച്ച അറിവ് നൽകുന്നതിനും അവരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. കൈത്തറി വസ്ത്ര നിർമ്മാണവും വില്പനയും ഏറെ സാധ്യതയുള്ള സംരംഭങ്ങളാണ്. പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾക്ക് സാധ്യതയുള്ള കാലമായതിനാൽ കൈത്തറി വസ്ത്രങ്ങൾക്ക് സ്വദേശത്തും വിദേശത്തും ഏറെ വിപണന സാധ്യത നിലനിൽക്കുന്നുണ്ടെങ്കിലും ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ല എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. പരമ്പരാഗത നെയ്ത്തു വ്യവസായത്തിലേക്ക് പുതുതലമുറ പ്രവേശിക്കുന്നില്ല എന്നതും കൈത്തറി മേഖലയിൽ സ്വകാര്യ സംരംഭകർ വളരെ കുറവാണെന്നതും മേഖലയെ തകർച്ചയിലേക്ക് നയിക്കുന്ന ഘടകങ്ങളാണെന്ന് സമിതി നിരീക്ഷിക്കുന്നു. പുതുതലമുറയിലെ സംരംഭകരെ കൈത്തറി രംഗത്തേക്ക് ആകർഷിക്കുന്നതിന് ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും, തൊഴിൽ പരിശീലനം ഊർജ്ജിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. കൈത്തറി മേഖലയുടെ സാധ്യതകൾ സംബന്ധിച്ചും സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരസ്യ പ്രചരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. കൈത്തറി മേഖലയ്ക്ക് ഒരു വർഷത്തേക്ക് 120 കോടി രൂപ ആവശ്യമാണെന്നും, എന്നാൽ 80 കോടി രൂപ മാത്രമേ വകയിരുത്താറുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. 40 കോടിയോളം രൂപ ഓരോ വർഷവും ഈ മേഖലയിൽ ലഭ്യമാകാതിരിക്കുന്നത് കൈത്തറി മേഖലയുടെ വികസനത്തെ മോശമായി ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു. കൈത്തറി മേഖലയെ നിലനിർത്തിക്കൊണ്ടുപോകേണ്ടതുള്ളതിനാൽ മേഖലയുടെ പ്രവർത്തനത്തിനാവശ്യമായ 120 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. കൈത്തറി വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയ ഒരു പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ ഏകദേശം 5,900 ൽ അധികം നെയ്ത്ത് തൊഴിലാളികളും 2000 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചതായും, നെയ്ത്ത് ജോലി പഠിച്ച് പുതുതായി 1026 പേർ യൂണിഫോം പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നതായും, പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങൾ തുറന്നു പ്രവർത്തിക്കാൻ അവസരം ഉണ്ടായതായും, പദ്ധതിക്കാവശ്യമായ നൂലുത്പാദനം കേരളത്തിലെ മില്ലുകളിൽ തന്നെയായതിനാൽ സ്പിന്നിംഗ് മില്ലുകൾക്കും നേട്ടമുള്ളതായും ടി പദ്ധതി മൂലം നെയ്ത്തുകാർ, സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ, പൊതുമേഖലാ സ്ഥാപനമായ ഹാന്റക്സ്/ഹാൻവീവ് മറ്റു സ്ഥാപനങ്ങൾ എന്നിവർക്കെല്ലാം പ്രയോജനം ലഭിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇത്തരം പദ്ധതികൾ തുടർന്നും കണ്ടെത്താൻ സാധിച്ചാൽ കൈത്തറി മേഖലയെ ശക്തിപ്പെടുത്താനാകുമെന്ന് സമിതി നിരീക്ഷിക്കുന്നു.

41. ധനപരമായ പ്രശ്ന പരിഹാരത്തിനായി ചില സ്ഥാപനങ്ങളിൽ ലോട്ടറി ഏർപ്പെടുത്താറുള്ളതുപോലെ കൈത്തറി വകുപ്പിനു വേണ്ടി ഒരു ലോട്ടറി ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എല്ലാ തൊഴിലാളികളെക്കൊണ്ടും ലോട്ടറി എടുപ്പിക്കുകയും കിട്ടുന്ന വിഹിതം ഗ്രൂപ്പ് ഇൻഷ്വറൻസിൽ ചേർത്തിട്ടില്ലാത്തവരുടെ പ്രീമിയം അടവിനായി ഉപയോഗിക്കുകയും ചെയ്താൽ എല്ലാ തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ്

ലഭിക്കുമെന്നതിനാൽ കൈത്തറി മേഖലക്കുവേണ്ടി ഒരു ലോട്ടറി ഏർപ്പെടുത്തണമെന്നും കിട്ടുന്ന തുക ഗ്രൂപ്പ് ഇൻഷ്വറൻസ് ഇല്ലാത്ത തൊഴിലാളികളുടെ ഇൻഷ്വറൻസിന്റെ പ്രീമിയം അടവിനും മറ്റു ധനപരമായ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. കൈത്തറി മേഖലയിലെ എല്ലാ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്വറൻസിൽ ഉൾപ്പെടുത്താതിന്റെ കാരണം 50 വയസിനു മുകളിലുള്ള തൊഴിലാളികളെ ജി.ഐ.എസ്-ൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന കേന്ദ്രനയമാണെന്നും, ഒരു നെയ്ത്തുകാരന്റെ വിഹിതം 330 രൂപയാണെന്നും കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## V. കാപെക്സ്

### (കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്)

43. വ്യവസായ വകുപ്പിനു കീഴിൽ ഒരു അപ്പെക്സ് സഹകരണ സംഘമായി 1984-ൽ കൊല്ലം ജില്ലയിൽ കാപെക്സ് പ്രവർത്തനമാരംഭിച്ചു. 10 പ്രാഥമിക സഹകരണ സംഘങ്ങളും ഒരു പാക്കിംഗ് സെന്ററും ഈ സ്ഥാപനത്തിനു കീഴിൽ പ്രവർത്തിക്കുന്നു. അടഞ്ഞു കിടക്കുകയായിരുന്ന 10 ഫാക്ടറികളെ വിവിധ കാലയളവിൽ കേരള കാഷ്യു ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്ത് സഹകരണ വ്യവസായ സംഘങ്ങളാക്കി കാപെക്സിന്റെ അധീനതയിൽ പ്രവർത്തനം ആരംഭിച്ചു. കാപെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലേക്കും ആവശ്യമായ തോട്ടണ്ടി, ആഭ്യന്തര വിപണിയിൽ നിന്നും ശേഖരിച്ച് ആവശ്യാനുസരണം പ്രസ്തുത ഫാക്ടറികൾക്ക് നൽകുകയും ഈ ഫാക്ടറികളിൽ നിന്നും ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പും മറ്റ് ഉൽപ്പന്നങ്ങളും ആഭ്യന്തര വിപണിയിൽ വിൽപ്പന നടത്തുകയും ചെയ്യുന്നു.

44. സർക്കാരിന്റെ ഒരു മാതൃകാ സ്ഥാപനമെന്ന നിലയിൽ തൊഴിലാളികൾക്കും ജീവനക്കാർക്കും അനുകൂലമായും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കിയും പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണിതെന്ന് സമിതി നിരീക്ഷിക്കുന്നു.

45. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ ഈ സ്ഥാപനത്തിനായി അനുവദിച്ച തുക പൂർണ്ണമായും നൽകിയിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ കാപെക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ കാപെക്സിനായി വകയിരുത്തുന്ന മുഴുവൻ തുകയും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ മുഖ്യമായും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയാണ് ഉപയോഗിച്ചു വരുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി, അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതായി കണ്ടുവരുന്നു. ഇത് ഒഴിവാക്കേണ്ടത് അനിവാര്യമാണെന്നതിനാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കശുവണ്ടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതൊഴിവാക്കി ഇവിടെത്തന്നെ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VI. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (K.S.A.C.C.)

47. കേരളത്തിലെ കശുവണ്ടി മേഖലയിലെ ആഭ്യന്തര ഉത്പാദനത്തിലും, കശുമാവ് കൃഷി വികസനത്തിലും, സംജാതമായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയും, കേരളത്തിലെ 3 ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനും, കശുമാവ് കൃഷി വ്യാപനത്തിനുമായി 2007ൽ രൂപീകരിച്ച സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.).

48. കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളിൽ നിന്ന് വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ നട്ട് കൃഷി വ്യാപിപ്പിക്കുക വഴി കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം ഇപ്പോഴുള്ള 83000 മെട്രിക് ടണ്ണിൽ നിന്നും ഘട്ടംഘട്ടമായി 6 ലക്ഷം മെട്രിക് ടൺ ആക്കി ഉയർത്തുക എന്നതാണ് കെ.എസ്.എ.സി.സി.യുടെ ലക്ഷ്യം എന്ന് സമിതി മനസ്സിലാക്കുന്നു.

49. സംസ്ഥാനത്തിനാവശ്യമായ തോട്ടണ്ടി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി കശുമാവ് കൃഷിയുടെ പ്രാധാന്യം കർഷകരിലേക്ക് എത്തിക്കുന്നതിനും, അതിന്റെ സാധ്യതകൾ മനസ്സിലാക്കി കൊടുക്കുന്നതിനും, കശുമാവ് വളരുന്നതിന് ആവശ്യമായ സ്ഥലലഭ്യതയുള്ള ഓരോ വീടിന്റെ പരിസരത്തും ഒരു കശുമാവ് എങ്കിലും നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, തരിശായി കിടക്കുന്ന ഭൂമിയിലെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഇതിനായി കർഷകർക്ക് മേൽത്തരം കശുമാവിൻ തൈകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. കൃത്യസമയത്ത് ഫണ്ട് ലഭിക്കാത്തതിനാൽ ഗ്രാന്റ് എടുക്കുമ്പോൾ നഴ്സറികൾക്ക് പൈസ കൊടുക്കാൻ സാധിക്കുന്നില്ല എന്നും 2018-19 വർഷത്തിൽ തുകയൊന്നും ലഭിച്ചില്ലെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമായ കശുവണ്ടി വ്യവസായത്തിന് യഥാസമയം ഫണ്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VII. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്

51. സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള സർക്കാർ നടപടികളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി. 2017 ഒക്ടോബർ 9 മുതൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. കാഷ്യൂ ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപ ലഭ്യമാക്കി.

52. കാഷ്യൂ ബോർഡിനായി 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 30 കോടി 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 06.09.2019 ലെ GO(Rt)No.882/2019/ID ഭരണാനുമതി നൽകുകയും 02.12.2019 ലെ GO(Rt)No.1205/2019/ID നമ്പർ പ്രകാരം ഈ വിഹിതത്തിൽ നിന്ന് 15 കോടി രൂപ ബോർഡിന് വായ്പയുടെ ഒന്നാം ഗഡുവായി അനുവദിക്കുകയും ചെയ്തെങ്കിലും പ്രസ്തുത തുക റിലീസ് ചെയ്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ബോർഡിന്റെ ശരിയായ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ

വകയിരുത്തുന്ന തുക കാലതാമസം നേരിടാതെ വിനിയോഗിക്കുന്നതിനായി യഥാസമയം അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VIII. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

53. സർക്കാരിന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് പ്രവർത്തിക്കുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ടെക്സ്റ്റയിൽസ് മേഖലയിലെ ഒരു പൊതുമേഖലാ സ്ഥാപനമാണ്. 1963 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനം 2002-ൽ പ്രവർത്തനം നിലച്ച ശേഷം 2009-ൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മിൽ ആയി പ്രവർത്തനം ആരംഭിച്ചു. സ്ഥാപനം പ്രതിദിനം 3 ടൺ നൂൽ ഉത്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്. 2017 നവംബർ മാസം മുതൽ ഈ സ്ഥാപനത്തിൽ നിന്നും നൂൽ വിദേശത്തേയ്ക്ക് തുടർച്ചയായി കയറ്റുമതി ചെയ്തു വരുന്നതായും, സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

54. അന്താരാഷ്ട്ര നിലവാരമുള്ള കട്ടിയുള്ള നൂലുകളാണ് മില്ലിൽ ഉത്പാദിപ്പിക്കുന്നതെന്നും, ജീൻസ് വസ്ത്രങ്ങളുടെയും ബെഡ്ഷീറ്റുകളുടെയും നിർമ്മാണത്തിന് അനുയോജ്യമായ ഈ നൂൽ തായ്‌ലൻഡ്, ചൈന, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു. കൂടുതൽ തദ്ദേശ, വിദേശ വിപണി കണ്ടെത്തുക വഴി സ്ഥാപനത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാര സ്ഥാപനത്തെ സാമ്പത്തികഭദ്രമാക്കുന്നതിനും സാധിക്കുമെന്നതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## IX. ദി കേരളാ സിറാമിക്സ് ലിമിറ്റഡ്

55. തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ ഭരണകാലത്ത് 1937-ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് കൊല്ലം ജില്ലയിലെ കുണ്ടറയിൽ പ്രവർത്തിക്കുന്ന "ദി കേരളാ സിറാമിക്സ് ലിമിറ്റഡ്" എന്ന കമ്പനി തുടക്കത്തിൽ സിറാമിക്, പോഴ്സലിയൻ ഉത്പന്നങ്ങൾ നിർമ്മിച്ചിരുന്ന പോഴ്സലിയൻ ഡിവിഷനും പേപ്പർ, പെയിന്റ് തുടങ്ങിയ വ്യാവസായിക നിർമ്മാണശാലകൾക്കാവശ്യമായ

കളിമണ്ണിൽ നിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുവായ സ്പ്രേ-ഡ്രൈഡ് കയോളിൻ നിർമ്മിക്കുന്ന ക്ലേയ്സ് & മിനറൽ ഡിവിഷൻ എന്നിങ്ങനെ രണ്ടു ഡിവിഷനുകൾ ഉണ്ടായിരുന്നു. തുടർന്ന് കൊല്ലം പട്ടണത്തിൽ സിഡ്കോ നടത്തി വന്നിരുന്ന ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൂടി ഏറ്റെടുത്ത് സാനിട്ടറിവെയർ ഉത്പന്നങ്ങൾ നിർമ്മിക്കാൻ ആരംഭിച്ചതോടെ കമ്പനി മൂന്നു ഡിവിഷനായി പ്രവർത്തനം തുടർന്നു.

56. വിവിധ കാരണങ്ങളാൽ സാനിട്ടറിവെയർ ഡിവിഷനും പോഴ്സലിയൻ ഡിവിഷനും അടച്ചു പൂട്ടി. കമ്പനിയുടെ ക്ലേയ്സ് & മിനറൽസ് ഡിവിഷൻ സ്ഥാപിതമായ ശേഷം 40 ൽപരം വർഷങ്ങൾ പിന്നിട്ടതിനാൽ പ്ലാന്റിന്റെ സ്ഥാപിത ഉത്പാദനശേഷി നഷ്ടമാകുകയും സാങ്കേതിക വിദ്യയും ഉത്പാദന പ്രക്രിയയും യഥാകാലം നവീകരിക്കപ്പെടാത്തതിനാൽ കമ്പനി പ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന സാഹചര്യത്തിൽ 2016-ൽ നിലവിലെ സർക്കാർ കേരള സിറാമിക്സ് ലിമിറ്റഡിന്റെ സമഗ്ര പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുത്തതായും, പ്ലാന്റിന്റെ സ്ഥാപിത ഉത്പാദന ശേഷി വീണ്ടെടുക്കുവാൻ പര്യാപ്തമായ പ്ലാന്റ് നവീകരണം, അടുത്ത 15 വർഷത്തേക്ക് അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉറപ്പു വരുത്തുന്ന മൈനിംഗ് ലാന്റ് പർച്ചേസ് ഇന്ധനച്ചെലവ് 60%ത്തോളം കുറയ്ക്കുവാനും, പരിസ്ഥിതി സൗഹൃദമായ ദ്രവീകൃത പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന പ്ലാന്റിന്റെ നിർമ്മാണം എന്നിവ നടന്നു വരുന്നതായും, ഖനനഭൂമി ഏറ്റെടുക്കലും നവീന ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികളും പൂർത്തീകരിച്ചെങ്കിലും PESO(The Petroleum and Explosures Safety Organization)യുടെ അംഗീകാരം ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അംഗീകാരം നേടി ദ്രവീകൃത പ്രകൃതിവാതകം ഉപയോഗിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. സ്ഥാപനത്തിന്റെ സ്ഥാപിത ശേഷിയായ 18000 MTA യിലേക്ക് പ്ലാന്റിന്റെ ഉത്പാദനം തിരികെ കൊണ്ടു വരുന്നതിനും, കേരളത്തിലെ ഏറ്റവും പുരാതനവും സ്പ്രേ-ഡൈഡ് കയോളിൻ ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പ്ലാന്റുമായ കേരള സിറാമിക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി കമ്പനിയുടെ ലാഭകരമായ നടത്തിപ്പിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. 2017-18 ലെ അടിസ്ഥാന ഉത്പന്നങ്ങളുടെ ആധുനികവത്ക്കരണത്തിനും, ഖനനത്തിനാവശ്യത്തിനുള്ള ഭൂമി ലഭ്യമാക്കുന്നതിനും ഇന്ധനം LPG ആക്കുന്നതിനുമുള്ള പദ്ധതിക്ക് സർക്കാർ വിഹിതമായ 17 കോടിയിൽ 13 കോടി മാത്രം ലഭിച്ചതിനാൽ പ്രസ്തുത പദ്ധതി ധനലഭ്യത ഇല്ലാതെ നിലച്ചു പോകുന്ന സാഹചര്യം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കി വ്യവസായ സ്ഥാപനങ്ങളുടെ ശരിയായ പ്രവർത്തനത്തിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക മുഴുവനും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## X. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

59. സമൂഹത്തിലെ താഴെത്തട്ടിലുള്ള ഈറ്റവെട്ട്-പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനവും ഗോത്രവർഗ്ഗ മേഖലയിലെ പുരോഗതിയും, സാമൂഹ്യസുരക്ഷയും, ലക്ഷ്യമിട്ടുകൊണ്ട് 1971 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ. പതിനായിരത്തോളം പനമ്പുനെയ്ത്തു കുടുംബങ്ങളും 1500 ഓളം ഈറ്റവെട്ട് തൊഴിലാളികളും 1000 ത്തോളം ഇതര തൊഴിലാളികളും സംസ്ഥാന ബാംബൂ കോർപ്പറേഷനെ ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ടെങ്കിലും സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പനമ്പ്, ബാംബൂപ്ലൈ, ഫ്ലാറ്റൻഡ് ബാംബൂബോർഡ്, ബാംബൂഫ്ലോറിംഗ് ടൈൽസ്, കരകൗശല വസ്തുക്കൾ തുടങ്ങിയ ബാംബൂ കോർപ്പറേഷന്റെ ഉത്പന്നങ്ങൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും കൂടുതൽ വിപണി കണ്ടെത്തുന്നതിനായി മേളകൾ സംഘടിപ്പിക്കുന്നതിനും, ഉത്പന്നങ്ങളെക്കുറിച്ച് പരസ്യപ്രചരണം നടത്തി ജനങ്ങൾക്കിടയിൽ പ്രചാരം നൽകുന്നതിനും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സ്റ്റാളുകൾ ആരംഭിക്കുന്നതിനും, നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതു മേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ. വളരെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിതെന്ന് സമിതി മനസ്സിലാക്കുന്നു. കോവിഡ് 19-ന്റെ

സാഹചര്യത്തിൽ ബാംബൂ ഹൈടെക് ടൈൽസ് ഫാക്ടറിയിൽ 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ വരെ 70 ദിവസം മാത്രമാണ് ഉത്പാദനം നടന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

61. പനമ്പ് നെയ്ത്ത്, ഈറ്റ വെട്ട് തൊഴിലാളികൾക്ക് 56 മാസത്തെ ക്ഷാമബത്ത കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇവർക്ക് നൽകിവരുന്ന കൂലിയും വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൊടും കാടിനുള്ളിൽ ചെന്നെത്തി ഈറ്റ വെട്ടിയെടുക്കുന്നത് ശ്രമകരമായ ദൗത്യമാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന ഒരു കെട്ട് ഈറ്റക്ക് 100 രൂപയാണ് കൂലി നൽകുന്നത്. ഇത് തുലോം കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇക്കാരണത്താൽത്തന്നെ ധാരാളം തൊഴിലാളികൾ ഈ മേഖല വിട്ടു പോകുന്നതായും സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. <u>ആയതിനാൽ ഇവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

62. പനമ്പ് നെയ്ത്ത്, ഈറ്റ വെട്ട് തൊഴിലാളികൾക്ക് ക്ഷാമബത്ത ഇനത്തിൽ 12.83 കോടി രൂപയും ഗ്രാറ്റുവിറ്റി ഇനത്തിൽ 5 കോടി 49 ലക്ഷം രൂപയും കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. തൊഴിലാളികൾക്ക് ഈ കുടിശ്ശിക കൊടുത്തു തീർക്കേണ്ടത് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ പനമ്പ് നെയ്ത്ത്, ഈറ്റ വെട്ട് തൊഴിലാളികൾക്ക് ക്ഷാമബത്ത, ഗ്രാറ്റുവിറ്റി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

63. ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിച്ചാൽ മാത്രമേ ലാഭകരമാക്കാനാകൂ എന്നതിനാൽ ഇതിനായി നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബാംബൂ പ്ലൈവുഡ് ഉത്പാദനം വർദ്ധിപ്പിക്കുവാനും ചന്ദനത്തിരി നിർമ്മാണം, ബാംബൂ നീം ടൈൽ ഉത്പാദനം, അടയാറിലെ ബുഹാസ് മ്യൂസിയത്തിലെ പരിസ്ഥിതി സൗഹാർദ്ദ കുടിലുകളുടെ നിർമ്മാണം എന്നിവ കൂടി <u>ഏറ്റെടുക്കുവാനും കോർപ്പറേഷൻ തീരുമാനിച്ചതായി സമിതിയെ അറിയിച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദ കുടിലുകളും, ബാംബൂ നീം ടൈലും, ബാംബൂ പ്ലൈവുഡും</u>

ജനങ്ങളുടെ സ്വീകാര്യത നേടുന്നതിനും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ കോർപ്പറേഷൻ ലാഭകരമാക്കുന്നതിനായി വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XI. കെൽപാം

64. കരിമ്പനയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഔഷധമൂല്യവും, പോഷകഘടകങ്ങൾ ധാരാളം അടങ്ങിയിട്ടുള്ളതുമായ മൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി, കരിമ്പന മേഖലയെ ആശ്രയിച്ച ജീവിക്കുന്നവരുടെയും കുടുംബങ്ങളുടെയും ഉന്നമനത്തിനായി സ്ഥാപിതമായതാണ് കെൽപാം.

65. പ്രസ്തുത സ്ഥാപനത്തിൽ നിർമ്മിക്കുന്ന മൂല്യാധിഷ്ഠിത ഉത്പന്നങ്ങളായ പാംജ്യൂസ്, പാംജാം, പാംഫ്രൂട്ട്ജാം, പാംക്രഷ് തുടങ്ങിയവക്ക് ആവശ്യക്കാർ ഏറെയുള്ള സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിച്ച് വിപണന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും കെൽപാമിനാവശ്യമായ അസംസ്കൃത വസ്തു ഉത്പാദിപ്പിക്കുന്നതിനും കാട്ടാനയുടെ ശല്യം തടയുന്നതിനുമായി കെൽപാമും വനം വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയായ ബയോഫെൻസിംഗ് എന്ന പൈലറ്റ് പ്രോജക്ട് ആറളം ഫാമിൽ കൊട്ടിയൂരിലെ പന്നിയാം മലയിൽ പനയുടെ 4000 തൈകൾ ഒരു കിലോമീറ്റർ ദൂരത്ത് നട്ട് പരിപാലിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ബയോഫെൻസിംഗ് പദ്ധതിക്ക് ഏറെ പ്രയോജനങ്ങൾ ഉണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഈ പദ്ധതി കൂടുതൽ വനാതിർത്തികളിലേക്ക് വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XII. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ(SAIL)- എസ്.സി.എൽ കേരള ലിമിറ്റഡ്

67. സെയിൽ - എസ്. സി. എൽ. കേരള ലിമിറ്റഡ് കേരള സർക്കാരിന്റെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെയും തുല്യ പങ്കാളിത്തമുള്ള സംയുക്ത സംരംഭമാണ്. 65,000 ടൺ വാർഷിക ഉത്പാദന ശേഷിയുള്ള റ്റി. എം. റ്റി. സ്റ്റീൽ റോളിംഗ് മില്ലും 50,000 ടൺ വാർഷികോത്പാദന ശേഷിയുള്ള ഇരുമ്പുരുക്ക് ശാലയും ഉള്ള ഈ സ്ഥാപനം 3 വർഷങ്ങളായി ഉത്പാദനം പൂർണ്ണമായി മുടങ്ങിയ അവസ്ഥയിലാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെയും ഉന്നത ഉദ്യോഗസ്ഥർ കേന്ദ്ര ഉരുക്കു വ്യവസായ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയതായി സമിതി മനസ്സിലാക്കുന്നു. 13.03.2019-ന് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെയും സംസ്ഥാന സർക്കാരിന്റെയും ഉന്നത ഉദ്യോഗസ്ഥർ ചർച്ച നടത്തിയതിനെ തുടർന്ന് കമ്പനിയിൽ ഉത്പാദനം പുനരാരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും, കേരള സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ റ്റി. എം. റ്റി. കമ്പികളുടെ കുറഞ്ഞത് 30% എങ്കിലും 15% പ്രൈസ് പ്രിഫറൻസ് അടിസ്ഥാനത്തിൽ കമ്പനിയിൽ നിന്ന് സംഭരിക്കണമെന്ന നിർദ്ദേശത്തോടെ ഉത്തരവ് പുറപ്പെടുവിക്കാൻ കേരള സർക്കാരും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിക്കാവശ്യമായ ഉരുക്കു ബില്ലറ്റുകൾ നൽകുവാൻ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും ധാരണയായി. സർക്കാർ ഉത്തരവിന് മന്ത്രിസഭയുടെ അനുമതിക്കായി ക്യാബിനറ്റ് നോട്ട് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരത്തിനായി സർക്കുലേറ്റ് ചെയ്തെങ്കിലും മന്ത്രിസഭയിൽ പ്രസ്തുത വിഷയം അവതരിപ്പിക്കാനായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ വായ്പാ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് കമ്പനിയുടെ അക്കൗണ്ട് എൻ. പി. എ. ആയി പ്രഖ്യാപിച്ചതായും കമ്പനിയുടെ പുനരുദ്ധാരണം വൈകിയതിനാൽ സർഫാസി ആക്ട് പ്രകാരം നടപടി സ്വീകരിക്കുമെന്ന് ബാങ്ക് അറിയിച്ചതായും 2019 ജൂൺ മാസം കെ. എസ്. ഇ. ബി. 110 കെ. വി.-യുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചതായും സമിതി മനസ്സിലാക്കുന്നു. ഉത്പാദനം ഇല്ലാത്തപ്പോഴുള്ള വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക സംബന്ധിച്ച ഡിസ്മാന്റലിംഗ് നടപടി ഒഴിവാക്കണമെന്നും വളരെയേറെ

ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും സ്ഥാപനം പ്രവർത്തന സജ്ജമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## XIII. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

68. ട്രാവൻകൂർ കമ്പനീസ് ആക്ട് പ്രകാരം 09.10.1946-ൽ സ്ഥാപിതമായ ട്രാവർകൂർ സിമന്റ്സ് ലിമിറ്റഡിൽ വേമ്പനാട്ടു കായലിൽ നിന്നും ഖനനം ചെയ്തെടുത്ത വെള്ള കക്ക ഉപയോഗിച്ചുള്ള ഗ്രേ സിമന്റ് നിർമ്മാണമാണ് നടന്നിരുന്നത്. പിന്നീട് ലാഭകരമല്ലാതിരുന്നതിനെ തുടർന്ന് വെള്ള സിമന്റുത്പാദനം ആരംഭിക്കുകയും വിപണിയിൽ വെള്ള സിമന്റിന്റെ വിപണനം ഗണ്യമായി കുറഞ്ഞതിനാൽ സ്ഥാപനം നഷ്ടത്തിലാകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനം ലാഭകരമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വെള്ള സിമന്റിന്റെയും വാൾപുട്ടിയുടെയും ഉത്പാദനത്തിന് പുറമേ ഗ്രേ സിമന്റ് കൂടി ഉത്പാദിപ്പിച്ച് നിലവിലുള്ള നഷ്ടം നികത്തി കമ്പനി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഗ്രേ സിമന്റ് ഉത്പാദനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിച്ചതായും അറിയുന്നു.

69. സ്ഥാപനത്തിന് വൈദ്യുതി കുടിശ്ശിക, ജി. എസ്. ടി., സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുക, നിലവിലെ തൊഴിലാളികളുടെയും വിരമിച്ച ജീവനക്കാരുടെയും 3 വർഷത്തെ പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക, ഈ കാലയളവിൽ വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക, പി.എഫ് എന്നിവയിൽ ബാദ്ധ്യതയുണ്ടെന്നും ട്രാവൻകൂർ സിമന്റ്സിന്റെ ഉടമസ്ഥതയിൽ കാക്കനാടുള്ള സ്ഥലം കിൻഫ്രയ്ക്ക് വിൽപന നടത്തുന്നതുവഴി ലഭിക്കുന്ന തുകയിൽ നിന്നും കമ്പനിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നിവയുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതാണെന്നും കിൻഫ്രയിൽ നിന്നും ലഭിച്ച അഡ്വാൻസ് തുകയായ അഞ്ച് കോടി രൂപ ഇതിനായി

വിനിയോഗിച്ച് വരുന്നതായും സമിതി മനസ്സിലാക്കുന്നു. ഭൂമി വിൽക്കുന്നതു വഴി കിൻഫ്രയിൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് വിരമിച്ച ജീവനക്കാർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ മുഴുവനും കൊടുത്തു തീർക്കുന്നതിന് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XIV. കയർ വകുപ്പ്

70. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായ ചകിരി ഉത്പാദനത്തിന് ഡി. എഫ്. യൂണിറ്റുകൾ തുടങ്ങാൻ മുൻകൈയെടുക്കുന്നതിനെ തുടർന്ന് 53 സ്വകാര്യ യൂണിറ്റുകളും സൊസൈറ്റി മേഖലയിലുൾപ്പെടെയുമായി ഏകദേശം 113 ഡി. എഫ്. യൂണിറ്റുകൾ തുടങ്ങിയതായും 22 സ്വകാര്യ യൂണിറ്റുകൾ ഉൾപ്പെടെ 25 എണ്ണം ആരംഭിക്കാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ 4 വർഷമായി ചകിരി ഉത്പാദനം 5 ശതമാനത്തിൽ നിന്നും 15 ശതമാനമായി ഉയർന്നതായും ചകിരിയുടെ ലോക്കൽ പർച്ചേസ് 8 ശതമാനത്തിൽ നിന്ന് 44 ശതമാനമായി ഉയർന്നതായും സമിതി മനസ്സിലാക്കുന്നു.

71. കോവിഡ് 19-ന്റെ സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സാനിമാറ്റ് എന്ന ഉത്പന്നം വിപണിയിലെത്തിക്കുകയും കയർ മേഖലയിലെ ഉത്പാദന ക്ഷമത 5 ശതമാനം വർദ്ധിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. കോവിഡ് 19-നെ തുടർന്നുണ്ടായ പ്രതിസന്ധി മറികടക്കാൻ കയർ മേഖലയ്ക്കു സാധിച്ചതായി സമിതി വിലയിരുത്തുന്നതോടൊപ്പം ഈ കാലഘട്ടത്തിൽ ഉത്പാദനത്തിൽ വർദ്ധനവുണ്ടായ ഏക മേഖല കയർ മേഖലയാണെന്നും സമിതി മനസ്സിലാക്കുന്നു. കോവിഡ് 19-ന്റെ പ്രതിസന്ധി മറികടക്കുവാൻ കയർ വകുപ്പ് സ്വീകരിച്ച നടപടികളെ സമിതി അഭിനന്ദിക്കുന്നു.

72. ചകിരി സംഭരിക്കുന്നതിനുള്ള കൺസോർഷ്യം ആലപ്പുഴ ജില്ലയിൽ തുടങ്ങിയതായും സൊസൈറ്റി മുഖേന പലയിടത്തുമുള്ള ഏജന്റുമാരുമായി ബന്ധപ്പെട്ട് തൊണ്ട് ശേഖരിക്കുന്നതായും ആലപ്പുഴയും വൈക്കവുമാണ് കൺസോർഷ്യത്തിന്റെ അധികാര പരിധിയിലുള്ളതെന്നും സമിതി മനസ്സിലാക്കുന്നു.

73. തൊണ്ടിന്റെ ലഭ്യത ഏറ്റവും കൂടുതലുള്ള മലബാർ മേഖലയിലെ കോഴിക്കോട് ജില്ലയിലും കയർ പിരിക്ക് പ്രസിദ്ധമായ തെക്കൻ കേരളത്തിലെ കരുനാഗപ്പള്ളിയോ കായംകുളമോ കേന്ദ്രമാക്കിയും ഒരോ കൺസോർഷ്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. കയർ വകുപ്പിന്റെ മറ്റു പ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിൽ മുന്നോട്ടു പോകുന്നതായി സമിതി മനസ്സിലാക്കുന്നു.

## XV. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

75. ഗ്രാമീണ മേഖലയിലെ പരമ്പരാഗത കുടിൽ വ്യവസായമാണ് ഖാദിയെന്നതിനാൽ ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന ലഭിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

76. ഖാദി മേഖലയിൽ തൊഴിലാളികൾക്ക് റിബേറ്റ് കുടിശ്ശിക നൽകുന്നതിന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നതായും ഇതിൽ 10 കോടി രൂപ അനുവദിച്ചതായും സമിതി മനസ്സിലാക്കുന്നു. ഖാദി തൊഴിലാളികൾക്ക് റിബേറ്റ് നൽകുന്നതിനുള്ള തുകയും ക്ഷേമനിധി ബോർഡിന് നൽകാനുള്ള കുടിശ്ശിക തുകയും കാലതാമസം കൂടാതെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XVI. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)

77. പൊതു മേഖലാ വ്യവസായ സ്ഥാപനമായ കെൽ 12 വർഷങ്ങൾക്കു ശേഷം കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ ലാഭത്തിലായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കെ. എസ്. ഇ. ബി.ക്കും ഇതര സംസ്ഥാനങ്ങളിലെ വൈദ്യുത ബോർഡുകൾക്കും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചു നൽകുന്നത് കെൽ ആണ്. കൊല്ലം ജില്ലയിലെ കുണ്ടറ യൂണിറ്റിൽ റെയിൽവേയ്ക്ക് ആവശ്യമായ ആൾട്ടർനേറ്ററുകൾ നിർമ്മിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉരുക്കു പാലങ്ങളും മറ്റ് സിവിൽ ജോലികളും വിവിധ ടൂറിസ്റ്റ് പദ്ധതികളും സ്ഥാപനം ഏറ്റെടുത്ത് നിർമ്മിച്ചു നൽകുന്നുണ്ട്. 2007-08 ന ശേഷം തുടർച്ചയായി നഷ്ടത്തിലായതിനെ തുടർന്ന് തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട്

എന്നിവ കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിക്ക് തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനായി 8 കോടി രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XVII. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

78. വ്യവസായ വകുപ്പിനു കീഴിൽ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പൊതു മേഖലാ സ്ഥാപനമാണ് ട്രാക്കോ കേബിൾ കമ്പനി. കെ.എസ്.ഇ.ബി.യുടെ ആവശ്യകതയുടെ 55 ശതമാനം അലുമിനിയം കണ്ടക്ടർ സ്റ്റീൽ റിഇൻഫോഴ്സ്ഡ് കേബിൾ ട്രാക്കോ കേബിളിനും ബാക്കി 45 ശതമാനം സംസ്ഥാനത്തെ എം.എസ്.എം.ഇ.കൾക്കുമാണ് നൽകി വരുന്നത് എന്നും എം.എസ്.എം.ഇ.യുമായി ബന്ധപ്പെട്ട 18.09.2020-ലെ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.യുടെ ആവശ്യകതയുടെ 10 ശതമാനം മാത്രം ട്രാക്കോ കേബിളിന് നൽകുവാൻ തീരുമാനിച്ചതായും 55 ശതമാനം അനുവദിച്ചു കൊണ്ടുള്ള പഴയ ഉത്തരവ് റദ്ദു ചെയ്തതായും സമിതി മനസ്സിലാക്കുന്നു.

79. കമ്പനിയുടെ ലാഭകരമായ പ്രവർത്തനത്തിന് കെ.എസ്.ഇ.ബി.യുടെ ആവശ്യകതയുടെ 55 ശതമാനം അലുമിനിയം കണ്ടക്ടർ സ്റ്റീൽ റീ ഇൻഫോഴ്സ്ഡ് കേബിൾ നിർമ്മാണം വരുന്ന 2 വർഷത്തേക്ക് കൂടിയെങ്കിലും ട്രാക്കോ കേബിൾ കമ്പനിക്കു തന്നെ നിലനിർത്തേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. സർക്കാർ സ്ഥലം പാട്ടത്തിന് എടുത്ത് കൊരട്ടിയിൽ പ്രവർത്തിച്ചിരുന്ന മധുര കോട്ടസ് എന്ന സ്ഥാപനം പിൽക്കാലത്ത് വൈഗ ത്രഡ്സ് എന്ന പേരിൽ പ്രവർത്തിച്ചിരുന്നെങ്കിലും ടി സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നും സ്ഥാപനം നിലനിന്നിരുന്ന സ്ഥലം ലിക്വിഡേറ്ററുടെ കൈവശമാണെന്നും ലിക്വിഡേഷൻ നടപടി പൂർത്തീകരിച്ചാൽ സ്ഥാപനം പ്രവർത്തിച്ചിരുന്ന 58 ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു.

524

ഇതിനായുള്ള നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണിപ്പോഴുള്ളതെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വ്യവസായ സൗഹൃദ സംസ്ഥാനം എന്ന നിലയിലേക്ക് നമ്മുടെ സംസ്ഥാനം മാറുന്നതിന് നടപടി തുടരേണ്ടതാണ്. നമ്മുടെ വ്യവസായ മേഖല മേൽക്കുമേൽ ശക്തിപ്പെടുത്തുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഒത്തൊരുമയോടെ പ്രവർത്തിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**എസ്. ശർമ്മ,**
**ചെയർമാൻ,**
**എസ്റ്റിമേറ്റ്സ് കമ്മിറ്റി.**

തിരുവനന്തപുരം,
20 .01.2021.